DESPATCHED
On...05/06/2020

27/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

# ഹർജി നമ്പർ **AP No.2706(1)/2019**/*എസ്.ഐ.സി.*

## തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## *(ഫയൽ നം.21603/എസ്.ഐ.സി-ജി 4/2019)*

സന്നിഹിതൻ
ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. മജീദ് കെ.എസ്.,
കോട്ടപ്പുറത്ത് ഹൗസ്, ചേരാനല്ലൂർ പി.ഒ.,
എറണാകുളം- 682 034
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,
ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ
ഇൻസ്പെക്ടർ ഓഫീസ്, കോഴിക്കോട്
2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ
ഇൻസ്പെക്ടർ ഓഫീസ്, സിവിൽ സ്റ്റേഷൻ,
കോഴിക്കോട്-673 020

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 26.09.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 09.10.2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04.11.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.11.2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30.12.2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30.12.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.01.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | - |
| ഹിയറിംഗ് തീയതി & സ്ഥലം | 27.02.2020 & വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട് |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മജീദ് കെ.എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ വ്യക്തത ഇല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതു പ്രകാരവും വ്യക്തമായ വിവരം ലഭിച്ചില്ല എന്നും മനപ്പൂർവ്വമായി വിവരങ്ങൾ ലഭ്യമാക്കാതിരിക്കാനുള്ള നടപടികളാണ് എതിർകക്ഷികളുടെ ഭാഗത്തു നിന്നും ഉണ്ടായിരുന്നതെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

- ദിനേഷ് കെ (സ്കിൽസ് അസിസ്റ്റന്റ്) ടി ഓഫീസിൽ ആദ്യമായി സേവനം ചെയ്യാൻ തുടങ്ങിയ തീയതി ഏതെന്നും
- ടി വ്യക്തി ടി ഓഫീസിൽ ജോലി ചെയ്ത തീയതി മുതൽ നാളിതുവരെ തുടർച്ചയായി ടി ഓഫീസിൽ സേവനം ചെയ്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ സേവനം ചെയ്യാതിരുന്ന കാലയളവും അതിനുള്ള കാരണവും നൽകണമെന്നും
- ടിയാൻ എതിർകക്ഷി ഓഫീസിൽ ആദ്യമായി ജോയിൻ ചെയ്തതിനു ശേഷം എത്ര പ്രവശ്യം ട്രാൻസ്ഫർ ലഭിച്ചിട്ടുണ്ടെന്നും ഏതു സ്ഥലത്തേക്കാണ് ട്രാൻസ്ഫർ ലഭിച്ചിട്ടുണ്ടെന്നും ട്രാൻസ്ഫർ ലഭിച്ച ഓരോ സ്ഥലത്തും സേവനം ചെയ്ത കാലയളവു വ്യക്തമാക്കണമെന്നും മറ്റുമായി 14 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നിരുത്തരവാദപരമായ മറുപടിയാണ് നൽകിയിട്ടുള്ളതെന്നും നാലാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം നിരസിച്ചിരിക്കുകയാണെന്നും അഞ്ചാം ഇനത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് അവ്യക്തതയൊന്നും ഇല്ലെന്നും ആറാം ഇനത്തിൽ ആവശ്യപ്പെട്ട രേഖകൾ മനപൂർവ്വം നൽകാതിരിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ഏഴാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ചോദ്യം വ്യക്തമല്ല എന്നു പറഞ്ഞ്

RIGHT TO INFORMATION

നിരസിച്ചിരിക്കുകയാണെന്നും മറ്റുമാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, വിവരാവകാശ നിയമത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായ മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതെന്നും ഹർജിക്കാരന് ബന്ധപ്പെട്ട രേഖകൾ ഓഫീസിൽ നേരിൽ ഹാജരായി പരിശോധിക്കാവുന്നതാണെന്നും മറ്റുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരൻ മാനേജർ ആയിട്ടുള്ള ഇലട്രോജൻ ഇൻഡസ്ട്രീസ് എതിർകക്ഷി ഓഫീസിനോടനുബന്ധിച്ച മീറ്റർ ടെസ്റ്റിംഗ് & സ്റ്റാൻഡേർഡ് ലബോറട്ടറിയിൽ നിന്ന് വലിയ തോതിൽ എനർജി മീറ്ററുകൾ ടെസ്റ്റ് ചെയ്യുന്നതിന് കൊണ്ടു വന്നിരുന്നുവെന്നും ജനുവരി 2018 മുതൽ ഹർജിക്കാരന്റെ സ്ഥാപനം കൊണ്ടുവന്ന 900 –ൽപ്പരം എനർജി മീറ്ററുകൾ ടെസ്റ്റു ചെയ്തിട്ടുള്ളതായിട്ടാണ് കാണുന്നതെന്നും കേരളത്തിൽ അങ്ങോളം ഇങ്ങോളം ഉള്ള ഒട്ടനവധി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ടി കാലയളവിൽ വിവിധ സേവനങ്ങൾ ടി ലബോറട്ടറിയിൽ നിന്നും നൽകിയിട്ടുള്ളതാണെന്നും സമയക്രമമനുസരിച്ചാണ് ഓരോ അപേക്ഷയും രജിസ്റ്റർ ചെയ്യുന്നതെന്നും ആയതു പ്രകാരമുള്ള സേവനങ്ങൾ നൽകുന്നതെന്നും ഓരോ അപേക്ഷകന്റേയും അപേക്ഷകളും ടെസ്റ്റ് സർട്ടിഫിക്കറ്റുകളും ക്രോഡീകരിച്ച് ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല എന്നും ആയതിനാൽ ഹർജിക്കാരൻ നൽകിയിട്ടുള്ള വിവിധ വിവരാവകാശ അപേക്ഷകളിൽ എളുപ്പത്തിൽ ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നും മറ്റു വിവരങ്ങൾ ബന്ധപ്പെട്ട രേഖകളും ഫയലുകളും പരിശോധിച്ച് കണ്ടെത്താവുന്നതാണെന്നും ടിയാനെ അറിയിച്ചിരുന്നുവെന്നും ഹർജിക്കാരൻ സുദീർഘവും സങ്കീർണവുമായ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടാണ് വിവരാകവാശ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതെന്നും 21.03.2019 ന് അടിസ്ഥാന രഹിതമായ പരാതി നൽകിയ ശേഷം ഹർജിക്കാരൻ നിരവധിയായി വിവരാവകാശ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതാണെന്നും 14 ൽപ്പരം അത്തരത്തിലുള്ള അപേക്ഷകൾക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും പരാതി വിഷയത്തിൽ ഹർജിക്കാരൻ എറണാകുളം മുനിസിഫ് കോടതിയിൽ ഒ.എസ്. 1279/19 നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളതാണെന്നും കോടതി നിയോഗിച്ച അഡ്വ. കമ്മീഷൻ 09.10.2019 ന് ലബോറട്ടറിയും രേഖകളും പരിശോധിച്ചിട്ടുള്ളതാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ എതിർകക്ഷി ഓഫീസിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ ടിയാന് നൽകിയിട്ടുള്ളതായി കാണുന്നു.

മറ്റിനങ്ങൾ സംബന്ധിച്ച് ഹർജിക്കാരനോട് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ ഒരു പരാതി നൽകിയതിനെ തുടർന്നാണ് 14 ൽ അധികം വിവരാവകാശ അപേക്ഷകൾ എതിർകക്ഷി ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നത്. ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള അപ്പീൽ ഹർജികൾ പരിശോധിച്ചതിൽ ഹർജിക്കാരൻ എന്തെങ്കിലും വിവരം തേടുക എന്നതിലുപരി എതിർകക്ഷി സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുക, ഓഫീസ് പ്രവർത്തനത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് അവ സമർപ്പിച്ചിട്ടുള്ളതെന്നു പ്രാഥമിക പരിശോധനയിൽ കാണുന്നു. ആയത് വിവരാവകാശ നിയമത്തിന്റെ ദുരുപയോഗം ആണെന്നതിൽ സംശയമില്ല. ബഹു. സുപ്രീം കോടതി സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ V.Aditya Bandopadhyay എന്ന കേസ് സംബന്ധിച്ച് പുറപ്പെടുവിച്ച വിധിയിൽ വിവരാവകാശ നിയമ പ്രകാരം വിവേചനമില്ലാത്ത രീതിയിലും അപ്രായോഗികമായ വിധത്തിലും വിവരങ്ങൾ തേടുന്നത് ശരിയല്ലെന്നും ഒരു പൊതു അധികാര സ്ഥാനത്തെ 75% ഉദ്യോഗസ്ഥരുടെ 75% സമയവും വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്ന സാഹചര്യം ഉണ്ടായാൽ ആയത് ബന്ധപ്പെട്ട അധികാര സ്ഥാനത്തിന്റെ സാധാരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാത്ത സാഹചര്യം ഉണ്ടാക്കുമെന്നും ആയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എതിർകക്ഷി സ്ഥാപനം ഹർജിക്കാരനിൽ നിന്നും യാതൊരു വിവരവും മറച്ചു വയ്ക്കാനില്ലാത്തതിനാലാണ് ബന്ധപ്പെട്ട രേഖകൾ നേരിൽ ഹാജരായി പരിശോധിക്കാവുന്നതാണെന്ന് ടിയാനെ അറിയിച്ചതായി കാണുന്നത്. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ല എന്നു വിവലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 27-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
dp

RIGHT TO INFORMATION